**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** | **13-10-2021 - ൽ മറുപടിയ്ക്ക്**

**കോർപ്പസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. കുണ്ടത്തിൽ കോളനി റോഡ് ടാംറിംഗ് & കോൺക്രീറ്റിംഗ് (കുറ്റ്യാട്ടൂർ പഞ്ചായത്ത്) 2. പടപ്പക്കരി റോഡ് റീ ടാറിംഗ് (മലപ്പട്ടം ഗ്രാമപഞ്ചായത്ത്) 3. പടിഞ്ഞാറെക്കര കോളനിയിൽ സംരംക്ഷണ ഭിത്തി (പടിയൂർ കല്ല്യാട്ട് ഗ്രാമപഞ്ചായത്ത്) 4. പാൽച്ചുരം കോളനിയിൽ സംരക്ഷണ ഭിത്തി (കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്) 5. ശ്രീമതി ചെറുക്കിണിയൻ ശാന്ത എന്നിവർക്ക് കുടിവെള്ള കണക്ഷൻ (പയ്യന്നൂർ മുനിസിപ്പാലിറ്റി) 6. ഭഗത്സിംഗ് കോളനിയിൽ ഡ്രെയിനേജ് നിർമ്മാണം (അഴീക്കോട് ഗ്രാമ പഞ്ചായത്ത്) 7. ചിടങ്ങിൽ കോളനി ശ്മശാനം റോഡ് ടാറിംഗ് (ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്) 8. ചിടങ്ങിൽ കോളനി ശ്മശാനം-അടിസ്ഥാന സൗകര്യം (ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്) പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2021-22 വർഷം കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | 2021-22 വർഷം എത്ര കോടി രൂപയാണ് കോർപ്പസ് ഫണ്ട് ഇനത്തിൽ നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2021-22 ൽ കണ്ണൂർ ജില്ലക്ക് ഈ ഇനത്തിൽ 54,80,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2021-22 വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ബഡ്ജറ്റ് വിഹിതമായി 40 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 8 കോടി രൂപ വിവിധ ജില്ലകൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതിയോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 32 കോടി രൂപയിൽ 10.48 കോടി രൂപ മുൻ വർഷത്തെ വിവിധ പദ്ധതികൾ നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കേണ്ടതായിട്ടുണ്ട്. ബാക്കി |

| | | | |
|---|---|---|---|
| | | | വരുന്ന തുക ഉപയോഗിച്ച് നടപ്പ് വർഷം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതിയോടുകൂടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

## കോർപ്പസ് ഫണ്ട് 2021-22

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | ഇരിട്ടി ടി.ഇ.ഒ യുടെ പരിധിയിലുള്ള 8 പട്ടികവർഗ്ഗക്കാർക്ക് പണിയായുധങ്ങൾ വാങ്ങി നൽകുന്നതിനുള്ള തുക | 3,78,005 |
| 2. | നരിക്കോട്ടുമല പട്ടികവർഗ്ഗ കോളനിയിലെ 12 പട്ടികവർഗ്ഗക്കാർക്ക് നേന്ത്രവാഴകൃഷി ചെയ്യുന്നതിനുള്ള പദ്ധതി . | 1,80,000 |
| 3 | 2019-20 വർഷം ഭവനപുനരുദ്ധാരണത്തിനായി അംഗീകരിച്ച പദ്ധതിയുടെ പൂർത്തീകരണത്തിനായി (സ്പിൽ ഓവർ) തുക. | 4,03,189 |
| 4 | ആറളം ഫാം ഹയർ സെക്കണ്ടറി സ്കൂൾ ബസിന്റെ റണ്ണിംഗ് ചെലവുകൾ- ഡ്രൈവർ, ക്ലീനർ എന്നിവരുടെ വേതനം, ചെലവ്. | 7,77,970 |
| 5 | അരീക്കാമലയിലെ 3 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഉപജീവനത്തിനായി പശുവിനെ വാങ്ങി നൽകുന്ന പദ്ധതി. | 4,65,900 |
| 6 | ഭവനപുനരുദ്ധാരണത്തിനായി 2020-21 വർഷം അംഗീകരിച്ച വീടുകളും നവീകരണ പ്രവൃത്തികളും പൂർത്തീകരണ ത്തിനായി (സ്പിൽ ഓവർ) തുക | 8,60,044 |
| 7 | 2017-18 അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടാതെ പോയ അമ്പലക്കുഴി കോളനിയിലെ 3 പട്ടികവർഗ്ഗ വീടുകളുടെ നിർമ്മാണത്തിന് വകയിരുത്തിയ തുക. | 18,00,000 |
| 8 | കോളയാട് പഞ്ചായത്തിലെ കൊളപ്പ, കുന്നുവളപ്പ്, ചന്ദ്രോത്ത്, കടൽക്കണ്ടം എന്നീ 4 കോളനികളിൽ റബ്ബർ റോളർ സ്ഥാപിക്കുന്നതിനുള്ള തുക | 5,16,000 |
| 9 | ഓൺലൈൻ സഹായി കേന്ദ്രം- നടത്തിപ്പ് ഓൺലൈൻ സഹായിമാരുടെ വേതനം നൽകാനുള്ള തുക | 9,44,144 |
| 10 | കേളകം പഞ്ചായത്തിലെ മുട്ടുമാറ്റി കോളനി റോഡ് കോൺക്രീറ്റിംഗ് സംബന്ധിച്ച്. | 18,06,000 |
| | ആകെ | 81,31,252 |